സർട്ടിഫിക്കറ്റും സ്ഥിരവാസ സർട്ടിഫിക്കറ്റും മറ്റ് അവശ്യ രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്. കൂടാതെ ദാതാവ് പ്രതിഫലേച്ഛ കൂടാതെയാണ് അവയവ ദാനം നടത്തുന്നതെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്. അവയവ മാറ്റ ശസ്ത്രക്രിയയ്ക്കായി ബന്ധപ്പെട്ട ആശുപത്രികളിൽ രജിസ്റ്റർ ചെയ്തശേഷം അവിടെ പരിശോധനകൾക്ക് എടുക്കുന്ന കാലതാമസം കൂടാതെ ഓതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഉണ്ടാകാവുന്ന കാലതാമസം ഒഴിവാക്കാനാണ് മേഖലാ തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. അടുത്ത ബന്ധുക്കളല്ലാത്തവർ തമ്മിലുള്ള അവയവദാനം മാത്രമാണ് ഈ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്നത്. ഇതുസംബന്ധിച്ച് നിയമങ്ങളിൽ ഇളവുവരുത്തുന്നതിനുള്ള അധികാരം പ്രസ്തുത നിയമം പാസ്സാക്കിയ പാർലമെന്റിൽ മാത്രം നിക്ഷിപ്തമാണ്. കേരളത്തിലെ അവയവദാന രംഗത്തെ നടപടിക്രമങ്ങൾ സുതാര്യവും അഴിമതിരഹിതവും കച്ചവട താൽപ്പര്യങ്ങൾക്ക് അതീതവുമായി നിലനിർത്തുന്നതിനുവേണ്ടിയാണ് പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഈ മേഖലയിലെ സുതാര്യതയും കച്ചവടരാഹിത്യവും ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഓതറൈസേഷൻ കമ്മിറ്റികൾ അത്യന്താപേക്ഷിതമാണ്. ജില്ലാതല കമ്മിറ്റിയുടെ തീരുമാനം അനുകൂലമല്ലെങ്കിൽ സംസ്ഥാനതല കമ്മിറ്റിയിൽ അപ്പീൽ നൽകാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. അവയവദാനത്തിനുള്ള അപേക്ഷകൾ ലഭിച്ചാൽ അടിയന്തരമായിത്തന്നെ ഓതറൈസേഷൻ കമ്മിറ്റികൾകൂടി തീരുമാനമെടുക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ട്.

V. പ്രമേയം

മി. ഡെപ്യൂട്ടി സ്പീക്കർ : ഇന്ന് രാവിലെ നിയമസഭ സമ്മേളിച്ചു കൊണ്ടിരുന്നപ്പോൾ ഗ്യാലറിയിൽ ഉണ്ടായ സംഭവത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രമേയം അവതരിപ്പിക്കുന്നതാണ്.

സ്പീക്കേഴ്സ് ഗ്യാലറിയിൽ ബഹളം ഉണ്ടാക്കിയത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇന്ന് നിയമസഭയിൽ ചോദ്യോത്തര വേള നടന്നുകൊണ്ടിരുന്ന സമയത്ത് ശ്രീ. കെ. സതീശൻ എന്നയാൾ സ്പീക്കേഴ്സ് ഗ്യാലറിയിൽനിന്ന് മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു. പ്രസ്തുത വ്യക്തിയെ വാച്ച് ആന്റ് വാർഡ് ഉടൻതന്നെ കസ്റ്റഡിയിലെടുക്കുകയുണ്ടായി. കക്ഷിനേതാക്കന്മാരുടെ യോഗം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ചേരുകയും ഇക്കാര്യത്തിൽ കൈക്കൊള്ളേണ്ട നടപടി സംബന്ധിച്ച് ചർച്ച ചെയ്യുകയുമുണ്ടായി. ശ്രീ. കെ. സതീശന്റെ പ്രവൃത്തി സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

സഭാനടപടികൾ അലങ്കോലപ്പെടുത്തുക വഴി ശ്രീ. കെ. സതീശൻ സഭയെ അവഹേളിക്കുകയും സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനവുമാണ് നടത്തിയിട്ടുള്ളത്. ഇത് ഗുരുതരമായ കുറ്റമാണ്. ആയതിനാൽ മേൽപ്പടി കുറ്റം ചെയ്ത ശ്രീ. കെ. സതീശൻ എന്ന വ്യക്തിയെ ഇന്ന് സഭ പിരിയുന്നതുവരെ വെറും തടവിന് ശിക്ഷിക്കാൻ ഈ സഭ തീരുമാനിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സഭാനേതാവ് അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

VI. ശ്രദ്ധ ക്ഷണിക്കൽ

സന്ദർശക ഗ്യാലറിയിൽ ബഹളം ഉണ്ടാക്കിയത് സംബന്ധിച്ചും സി.ഡി. പരിശോധന സംബന്ധിച്ചും

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ ഗ്യാലറിയിൽനിന്നും മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ അലങ്കോലപ്പെടുത്തുന്നതിനുള്ള ശ്രമം 1995-നുശേഷം ഇത് ആദ്യമായിട്ടാണ് ഉണ്ടാകുന്നത്. ബഹുമാനപ്പെട്ട അംഗങ്ങളുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സന്ദർശക ഗ്യാലറിയിലേക്ക് പ്രവേശനം അനുവദിക്കുന്നത്. സന്ദർശക ഗ്യാലറി പ്രതിഷേധത്തിനുള്ള വേദിയാക്കുന്നത് ഒരുതരത്തിലും ന്യായീകരിക്കാൻ സാധിക്കുകയില്ല. ഗ്യാലറി പ്രവേശനത്തിനുള്ള ശിപാർശ നൽകുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് ചെയർ നിർദ്ദേശിക്കുന്നു. ഇവിടെ പരാമർശിച്ച പേര് മാധ്യമങ്ങളോ ചാനലുകളോ ഒരുതരത്തിലും പ്രസിദ്ധീകരിക്കരുതെന്നുകൂടി ചെയർ റൂളിംഗ് നൽകുന്നു.

ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ 1-ാം തീയതി സഭ സമ്മേളിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് സി.ഡി. മേശപ്പുറത്തുവയ്ക്കാൻ ശ്രമിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly